(Pages : 4) **L – 1818**

**Reg. No. : ...............................**

**Name : ..................................**

# Sixth Semester B.A. Degree Examination, March 2021

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course

## MX 1642 : നാടകം : ചരിത്രം, പാഠം, പ്രയോഗം

## (2018 Admission – Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. നാടകസംബന്ധിയായി സി.ജെ. തോമസ് എഴുതിയ പഠനഗ്രന്ഥം.

2. 'സാകേതം' അവാർഡിന് അർഹമായ കെ.വി. ശ്രീജയുടെ നാടകം.

3. "രാമന്റെ ധർമ്മനിഷ്ഠ എനിക്ക് കവചമായിരിക്കും" വക്താവ് ആരാണ് ?

4. സാകേതം എന്ന നാടകത്തിന്റെ ആദ്യപേര്.

5. മലയാളത്തിലെ ആദ്യത്തെ സോദ്ദേശ്യസാമൂഹ്യനാടകം ഏതാണ് ?

6. ഭാസനാടകചക്രത്തിൽ ഉൾപ്പെടുന്ന നാടകങ്ങളുടെ എണ്ണം.

7. പ്രേംജിയുടെ യഥാർത്ഥനാമം.

P.T.O.

St. Xaviers College, Thumba

8. കേരളാ ഇബ്സൻ എന്നറിയപ്പെടുന്ന നാടകകൃത്ത്.

9. 'സമത്വവാദി' നാടകത്തിന് അവതാരിക എഴുതിയത് ആരാണ് ?

10. 'മലയാളനാടകസാഹിത്യചരിത്രം' എന്ന കൃതിയുടെ കർത്താവ്.

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് **ഒരു** ഖണ്ഡികയിൽ ഉത്തരമെഴുതുക.

11. "അത്തരക്കാരെ തൂക്ക് ശിക്ഷയ്ക്ക് വിധിക്കുന്നതിനും എനിക്ക് വിരോധമില്ല" ഏത് തരക്കാരെ? ആരുടെ വാക്കുകളാണിത്?

12. "എത്ര്യാച്ചാ വേദനിച്ചോട്ടേ.. ഒരു കുട്ടിക്ക് വേണ്ടീട്ടല്ലേ.." സന്ദർഭം ഏത്?

13. "അവമാനിതയായ സ്ത്രീയേ നിന്റെ കരുത്ത് ലോകം കാണട്ടെ" - സൂചിതമെന്ത്?

14. "മക്കളെ പിരിയുന്ന ദുഃഖം അമ്മയ്ക്ക് വിധിച്ചിട്ടുള്ളതാണ്" ആരുടെ വാക്കുകൾ? വിശദമാക്കുക.

15. "കിരീടത്തിന്റെ ഭാരം ഭരതനും കാടിന്റെ ഭംഗി രാമനും അനുഭവിച്ച് കൊള്ളും." - ആരുടെ വാക്കുകൾ? വ്യക്തമാക്കുക.

16. വിചാരണയ്ക്കിടയിൽ ജഡ്ജി ആലോചിച്ചുകൊണ്ടിരിക്കുന്നത് എന്താണ്?

17. ക്രൈം നാടകത്തിലെ 'ക്രൈം' എന്തായിരുന്നു?

18. മറിയാമ്മ നാടകത്തിന്റെ പ്രമേയ സവിശേഷതകൾ സംക്ഷേപിക്കുക.

19. സമത്വവാദിയിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

20. "എന്റെ സ്നേഹം പോലും അയാൾക്ക് കയ്പാണ്" - ആരുടെ വാക്കുകൾ? സൂചിതമെന്ത്?

21. 'ജനശത്രു' എന്ന നാടകത്തിന്റെ സന്ദേശം എന്താണ്?

St. Xaviers College, Thumba

22. 'കേളു' നാടകത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

23. 'ട്രാജഡി' - നിർവ്വചിക്കുക.

24. "കറുത്ത ദൈവത്തെത്തേടി" എന്ന നാടകത്തിൽ നരബലിയ്ക്കുള്ള സ്ഥാനം.

25. തെരുവ് നാടകങ്ങൾ - കുറിപ്പ് തയ്യാറാക്കുക.

26. "സഖീ നിനക്കറിയാമോ... എനിക്കെന്നെയും ഭയമാണ്..." വക്താവാര്? സൂചിതമെന്ത്?

**(8 × 2 = 16 Marks)**

III. ഏതെങ്കിലും **ആറ്** ചോദ്യത്തിന് **ഒന്നരപ്പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

27. "തീവ്രമായ ഒരന്വേഷണത്തിന്റെ കഥയാണ് 'കറുത്ത ദൈവത്തെത്തേടി' " ശരിയോ? വ്യക്തമാക്കുക.

28. സ്വപ്നവാസവദത്തം അഞ്ചാമങ്കത്തിന്റെ പ്രമേയപരവും ഭാഷാപരവുമായ പ്രത്യേകതകൾ സംക്ഷേപിക്കുക.

29. 'പ്രേംജിയുടെ സാമൂഹികകാഴ്ചപ്പാടും രംഗബോധവും വെളിവാക്കുന്ന നാടകമാണ് ഋതുമതി.' തെളിയിക്കുക.

30. "വലതുപക്ഷ വിക്ടോറിയൻ ചിന്താഗതികൾക്കെതിരെയുള്ള പ്രതിഷേധമാണ് 'ജനശത്രുവി'നെ ശ്രദ്ധേയമാക്കുന്നത്." ശരിയോ? വ്യക്തമാക്കുക.

31. തനത് നാടകവേദിയുടെ സവിശേഷതകൾ.

32. പത്രപ്രവർത്തനത്തിലെ അപഹാസ്യമായ വശങ്ങളെ 'ക്രൈം' നാടകത്തിൽ പരിഹസിക്കുന്നത് എങ്ങനെ?

33. "പാപരൂപമായ കാമമാണ് ദശരഥനിൽ യൗവരാജ്യാഭിഷേകസമയത്തുപോലും പ്രവർത്തിക്കുന്നത്" തെളിയിക്കുക.

34. "ലേബർ റൂമിലുള്ളത് സാർവ്വലൗകികവും സാർവ്വകാലികവുമായ ഒരനുഭവത്തിന്റെ പ്രശ്നമാണ്." ചർച്ച ചെയ്യുക.

35. വ്യക്തിജീവിതചരിത്രത്തോട് നീതിപുലർത്താൻ 'കേളു' നാടകത്തിനായോ? വിശദമാക്കുക.



St. Xaviers College, Thumba

36. ''സ്ത്രീ ചരിത്രം സൃഷ്ടിക്കുവാൻ പോകുന്നു. തൊഴിക്കണം സഹോദരീ കാലിൽ പിടിക്കുന്നവനേ..'' സന്ദർഭവും പൊരുളും വ്യക്തമാക്കുക.

37. ''ഇത് ഈ മറയനെ ചിലതെല്ലാം പഠിപ്പിക്കുവാൻ വേണ്ടി ഉണ്ടാക്കിയ ഒരു രംഗമാണ്.'' ഏത്? ആരെ, എന്തു പഠിപ്പിക്കുവാൻ?

38. കേരളത്തിലെ റേഡിയോ നാടകങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

**(6 × 4 = 24 Marks)**

IV. **നാലു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

39. മലയാളനാടകത്തിന്റെ ആധുനികീകരണത്തെയും വളർച്ചയെയും ത്വരിതപ്പെടുത്തുന്നതിൽ ''കന്യക'' എന്ന നാടകത്തിനുള്ള സ്ഥാനം ചർച്ച ചെയ്യുക.

40. മലയാളനാടകത്തിന്റെ ആദ്യകാല പ്രവണതകളെയും സ്വാധീനഘടകങ്ങളെയും കണ്ടെത്തുക.

41. നാടോടിനാടകങ്ങൾ മലയാളനാടകവേദിയിൽ സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങൾ വിശദീകരിക്കുക.

42. ഒരു എക്സ്പ്രഷണലിസ്റ്റ് നാടകമെന്ന നിലയിൽ സമത്വവാദിയെ വിലയിരുത്തുക.

43. ''നാടകമെന്നതിനേക്കാൾ ഒരു പ്രതിനാടകത്തിന്റെ സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്ന ഒന്നാണ് ക്രൈം നാടകം'' എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

44. 'സാകേതം ഒരു ശാപകഥയുടെ നാടകീയാവിഷ്ക്കാരമാണ്.' തെളിയിക്കുക.

**(2 × 15 = 30 Marks)**

St. Xaviers College, Thumba